**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1311** **30-08-2022 - ൽ മറുപടിയ്ക്ക്**

**കുറ്റിപ്പുറം നിളയോരം വിനോദസഞ്ചാര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റിപ്പുറം നിളയോരം പാടത്തിനോട് ചേർന്ന് കിടക്കുന്ന നൂറ് ഏക്കറോളം വരുന്ന റവന്യൂ ഭൂമി ഉപയോഗപ്പെടുത്തി കുറ്റിപ്പുറം നിളയോരം വിനോദസഞ്ചാര പദ്ധതി നടപ്പിലാക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കുറ്റിപ്പുറം നിളയോരം ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി കുറ്റിപ്പുറം നിളയോരം പാർക്കിനോട് ചേർന്ന് പുഴയോരത്തുള്ള ഏകദേശം 100 ഏക്കറോളം വരുന്ന ഭൂമി സംബന്ധിച്ചുള്ള ഉടമസ്ഥാവകാശം, കൈവശാവകാശം, സ്ഥലം ലഭ്യമാകുന്നതിനുള്ള സാധ്യത ഇവ സംബന്ധിച്ചുള്ള വിവരങ്ങൾ തരൂർ തഹസീൽദാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥല ലഭ്യത ഉറപ്പുവരുത്തിയാൽ മാത്രമേ ടൂറിസം പദ്ധതിയ്ക്കായുള്ള പ്രൊപ്പോസൽ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് വിനോദസഞ്ചാര വകുപ്പിൽ നിലവിലുള്ള ഫയലിന്റെ മുഴുവൻ വിവരങ്ങളും ലഭ്യമാക്കുമോ? | (ബി) | പദ്ധതിയ്ക്കായുള്ള സ്ഥലത്തിന് ഉപയോഗാനുമതിയോ നിരാക്ഷേപപത്രമോ ലഭിച്ചുകഴിഞ്ഞാൽ മാത്രമേ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇത് സംബന്ധിച്ച ഫയലിന്റെ വിവരങ്ങൾ താഴെ പറയുന്നു.<br><br>ബഹു. കോട്ടയ്ക്കൽ എം.എൽ.എ 13.07.2021 ന് ബഹു. ടൂറിസം വകുപ്പ് മന്ത്രിയ്ക്ക് നൽകിയ നിവേദനം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ടൂറിസം വകുപ്പിന്റെ മലപ്പുറം ജില്ലാ ഓഫീസറോട് 15.09.2021 ൽ ടൂറിസം ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. ടി നിവേദനം പരിശോധിച്ച് ഡെപ്യൂട്ടി ഡയറക്ടർ(മലപ്പുറം), റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.<br><br>ടി റിപ്പോർട്ട് പ്രകാരം കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറത്തുള്ള മലപ്പുറം ഡി.റ്റി.പി.സിയുടെ കീഴിലുള്ള നിളയോരം പാർക്കിനോട് ചേർന്ന കിടക്കുന്ന പുഴയോര ഭൂമിയുടെ വിശദമായ വിവരങ്ങളും സ്ഥല ലഭ്യതയും |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് റിപ്പോർട്ട് തിരൂർ തഹസീൽദാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ